(29) ആർ.ജി.ജി.വൈ. സ്കീമിൽപ്പെടുത്തി ഏറ്റെടുത്തിട്ടുള്ള വൈദ്യുതീകരണ ജോലികളുടെ പുരോഗതി വിലയിരുത്തുന്നതുസംബന്ധിച്ച്

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, എം.എൽ.എ. മാരുടെയും എം.പി. മാരുടെയും ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ഉടുമ്പൻചോല നിയോജകമണ്ഡല ത്തിലെ പ്രോജക്ടുകൾ മെറ്റീരിയൽസ് ഇല്ലെന്നുള്ള കാരണം കൊണ്ട് പൂർത്തിയാകാതെ കിടക്കുകയാണ്. പ്രത്യേകിച്ച് എല്ലാ പദ്ധതികളും നടക്കുന്ന പ്രദേശത്ത് ആവശ്യത്തിനു പോസ്റ്റ് നൽകിയിട്ടുണ്ട്. ക്രോസ് ആമും മറ്റും ഇല്ലെന്നുള്ളതാണ് പ്രധാന പ്രശ്നം. ഞാൻ എന്റെ ഫണ്ടിന്റെ ഭൂരിപക്ഷവും ഈ ആവശ്യത്തിനാണ് മുടക്കിയിരിക്കുന്നത്. അതുപോലെ ആർ.ജി.ജി.വൈ സ്കീമിൽ, ഇതുവരെ ടെന്റർ ചെയ്ത് അതിന്റെ ജോലികളൊന്നും ആരംഭിച്ചതായി അറിയാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ഒന്നാംഘട്ടത്തിനുശേഷം രണ്ടും മൂന്നും ഘട്ടമായി കുറെ പദ്ധതികൾ കൂടി എടുക്കുമെന്ന് പറഞ്ഞു. അതിന്റെ വിശദാംശം കൂടി വ്യക്തമാക്കുമോ?

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, അദ്ദേഹത്തിന്റെ മണ്ഡലത്തിൽ 15 എം.എൽ.എ വർക്കുകളുണ്ട്. അതിൽ നാല് വർക്കുകളുടെ പ്രവൃത്തി ഇപ്പോൾ ചെയ്തു കൊണ്ടിരിക്കുകയാണ്. പത്തെണ്ണം ടെന്റർ ചെയ്തു കഴിഞ്ഞു. ഒരെണ്ണം ടെന്റർ ചെയ്യാനുള്ള നടപടികൾ എടുത്തുവരുന്നു. ഇലക്ട്രിക്പോസ്റ്റിന് ഇടുക്കിയിൽ പ്രശ്നമില്ലാതായിട്ടുണ്ട്. കമ്പിയുടെ കാര്യമാണ് മെയിനായിട്ടുള്ളത്. മീറ്ററിന്റെ കാര്യത്തിൽ ചെറിയൊരു പ്രശ്നമുണ്ട്. അതിനു വേണ്ടി യൂണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന പബ്ളിക് സെക്ടറിന് നാലര ലക്ഷം രൂപയുടെ ഓർഡർ കൊടുത്തിട്ടുണ്ട്. അതു കിട്ടാൻ കുറച്ചു താമസമുണ്ട്. അത് ഉടനെ കിട്ടുമെന്നാണ് എന്റെ വിശ്വാസം. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ക്രോസ് ആമും വയറും അതുപോലെയുള്ള ചെറിയ ചെറിയ കാര്യങ്ങളും യഥാസമയം വാങ്ങി, ലോക്കൽ പർച്ചേസ് നടത്തി, അതിന്റെ വർക്ക് ഉടനെ കംപ്ളീറ്റ് ചെയ്യാൻ ചീഫ് എൻജിനീയർക്കും ഡെപ്യൂട്ടി ചീഫ് എൻജിനീയർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങനെ നിർദ്ദേശം നൽകിയിരിക്കു ന്നത് അവിടത്തേയ്ക്കുവേണ്ടി മാത്രമല്ല സ്റ്റേറ്റ് ഒട്ടുക്കുമുള്ള ആവശ്യത്തിനുവേണ്ടി യാണ്. 50 ലക്ഷം രൂപ ഓരോ സ്ഥലത്തേയ്ക്കും പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. അക്കാര്യം പരമാവധി വേഗത്തിൽ നടപ്പാക്കുമെന്നാണ് പറയാനുള്ളത്. എം.പി. വർക്കൊന്നും അവിടെ പെന്റിംഗില്ല. എം.പി. വർക്കുകളെല്ലാം കംപ്ളീറ്റു ചെയ്തിട്ടുണ്ട്. ആർ.ജി.ജി.വൈ വർക്ക് ചിലത് നടക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഇലക്ട്രിഫിക്കേഷൻ നടത്താത്ത ഒരു പഞ്ചായത്തുണ്ട്; മാങ്കുളം പഞ്ചായത്ത്. ആ പഞ്ചായത്തിൽ ആദ്യമായി ഇലക്ട്രിഫിക്കേഷൻ നടത്തുന്നു. ഏതായാലും ടേൺ കീ കോൺട്രാക്ട് വിളിക്കണമെന്നാണ് ഗവൺമെന്റ് ഓഫ് ഇന്ത്യ പറഞ്ഞത്; അതു വിളിച്ചുകഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly